ലം തട്ടേശവാസിയായ ഒരു നായർ ജന്മിയുടേതാണ്. പുലയരുടെ വക പുരാതനമായി അവിടെയുണ്ടായിരുന്ന ക്ഷേത്രം ജീർണ്ണോദ്ധാരണംചെയ്ത പുതിയതായി പണിയിച്ചതു് അവരുടെ സമ്മതപ്രകാരമാണ്. ഉത്സവത്തിനു് ആനയേയും മറ്റും ചിലവുചെയ്തു കൊണ്ടുവന്നതു് ആ ദേശത്തെ പുലയർതന്നെയാണ്. സംരക്ഷണ വകുപ്പിൽനിന്നല്ല. സംരക്ഷകൻ അന്നു കൃാമ്പ് ചെയ്തതു കുണ്ടന്നൂർ ആണ്.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—സംരക്ഷണവകുപ്പിലേയ്ക്കു് ആനയും പൂജാരിയും എന്തിനാണു് ?

രാമവമ്മ തമ്പുരാൻ.—സംരക്ഷണ വകുപ്പിൽനിന്നു രണ്ടാളുകളേ പോയിരുന്നുള്ളു.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—സംരക്ഷണവകുപ്പുകാരാണോ മടക്കി അയച്ചതു് ?

രാമവമ്മ തമ്പുരാൻ.—അല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഡിപ്പാർട്ടുമെണ്ടിൽ നിന്നാണോ കൊണ്ടുവന്നതെന്നു ചോദ്യം; ഡിപ്പാർട്ടുമെണ്ടിൽനിന്നും മടക്കി അയച്ചിട്ടില്ല എന്നു മറുപടി. ഈ ചോദ്യത്തിനുള്ള മറുപടി ശരിയാണോ ?

രാമവമ്മ തമ്പുരാൻ.—ആയിരിയ്ക്കുമെന്നാണ് തോന്നുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകൻ പോയതു ഉത്സവം നടത്തുവാൻ വേണ്ടിയല്ലേ ?

രാമവമ്മ തമ്പുരാൻ.—നോട്ടീസു വേണം.

മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകൻ സാധാരണയായി ഉത്സവം നടത്താറുണ്ടോ ?

രാമവമ്മ തമ്പുരാൻ.—നോട്ടീസു വേണം.

Colonies for the Depressed Classes in Chittur Taluk.

ഫസ്റ്റ്. മിസ്റ്റർ കെ. പി. വള്ളോൻ.—ചിറ്റൂർ താലൂക്കു നിവാസികളായ അധഃകൃതക്കുവേണ്ടി സംരക്ഷണവകുപ്പിൽനിന്നും എത്ര കോളനിയുണ്ടാക്കി കൊടുത്തിട്ടുണ്ടു്; ടി കോളനിവകയ്ക്കു ചിലവു ചെയ്തിട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ.—ചിറ്റൂർ താലൂക്കിൽ മീനാക്ഷിപുരം, തിരുവഴിയാടു്, പയ്യാങ്കോടു്, വല്ലങ്കി എന്നു നാലു ദിക്കുകളിൽ കോളനികൾ സ്ഥാപിച്ചിട്ടുണ്ടു്. ടി കോളനികൾക്കു സ്ഥലം അക്വയർ ചെയ്തും മറ്റും ആയി ആകെ രൂ,വ൹൹൹-൹൹-൹ ഉറുപ്പിക ചിലവായിട്ടുണ്ടു്.

Houses built at Pachalam for the Valas.

ഫസ്റ്റ്. കെ. പി. വള്ളോൻ—(എ) പച്ചാളം വാല കോളനിയിൽ പണി ചെയ്തിട്ടുള്ള വീടുകൾ എത്ര?

(ഏ) ടി കോളനികൾ പണി ചെയ്യിപ്പിച്ചിട്ടുള്ളതു് ഏതു ഡിപ്പാർട്ടുമെണ്ടിൽ നിന്നാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സ) എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടിൽ നിന്നാണെങ്കിൽ അധികൃത കോളനികൾ എന്തുകൊണ്ടു എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടുകാർ പണിയിപ്പിച്ചില്ല

മിസ്റ്റർ വി. കെ. അരവിന്ദാക്ഷ മേനോൻ.—(ഉ) നന്നു.

(ഖ) എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടിൽനിന്നും.

(സ) ഒന്നാമതായി വാലന്മാർ അധികൃത വർഗ്ഗത്തിൽ പെട്ടവരല്ല. രണ്ടാമതു് ഇതു് ഒരു സാമാന്യം വലിയപണിയായിരുന്നതുകൊണ്ടു് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെണ്ടിൽനിന്നു നടത്തി.

മിസ്റ്റർ കെ. പി. വള്ളോൻ.— ചെറിയ പണികളും എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടിൽനിന്നു നടത്തിക്കുടേ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—പണികളുടെ മാതിരിയനുസരിച്ചിരിയ്ക്കും ഏതു ഡിപ്പാർട്ടുമെണ്ടാണു ചെയ്യേണ്ടതെന്നു തീർച്ചയാക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷണഡിപ്പാർട്ടുമെണ്ടിൽനിന്നും പണിചെയ്യുന്ന വീടും എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടിൽനിന്നും പണിചെയ്യുന്ന വീടും തമ്മിൽ വല്ല വ്യത്യാസവുമുള്ളതായി ഗവർമ്മെണ്ടു കണ്ടിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.— ഞാൻ അധികൃത സംരക്ഷകന്റെ മേലന്വേഷണത്തിൽ ഇരുന്നു നോക്കീട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പുഴുവുള്ള വാല കോളനിയിൽ വീടുപണിയുവാൻവേണ്ടി ചിലവുചെയ്തിട്ടുള്ളതു് ഏതു ഡിപ്പാർട്ടുമെണ്ടിൽനിന്നാണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.— പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെണ്ടിൽനിന്നാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അതുകോളനിയ്ക്കു സ്ഥലം അനുവദിച്ചിട്ടുള്ളതു് ഏതു ഡിപ്പാർട്ടുമെണ്ടിൽനിന്നാണു്

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—അധികൃതഡിപ്പാർട്ടുമെണ്ടിൽനിന്നു് റവന്യൂഡിപ്പാർട്ടുമെണ്ടു മുഖാന്തിരം അനുവദിച്ചിട്ടുള്ളസ്ഥലമാണു്.

Introduction of Hindi as a subject of study in State Schools.

195. Mr. Popatlal Goverdhan Lalan.—Will the Government be pleased to state:—

(a) when was Hindi first introduced into the schools in the Cochin State as a subject of study;

(b) how is the instructions in High Schools carried on at present;

(c) how many students appeared for the last S. S. L. C. Examination with Hindi as an optional subject;

(d) how many students are there at present in the College who have taken up Hindi as one of their subjects of study;

LIBRARY ARCHIVES Kerala Legislative Assembly